പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 41 07.01.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻ വിതരണം

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി :
" എ. പ്രദീപ്കുമാർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി. കെ. കെ. ലതിക :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ വിതരണം തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനുള്ള കാരണം എന്താണെന്നും ഇത് തരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ വരവും - ചെലവും തമ്മിൽ ഏകദേശം 93 കോടി രൂപയുടെ അന്തരമുണ്ട്. ഇതിൽ പ്രധാനമായും വായ്പ തിരിച്ചടവിനത്തിൽ 42 കോടി രൂപയും, പെൻഷൻ ഇനത്തിൽ 36 കോടി രൂപയും, കോടതി വിധി പ്രകാരം നിർബന്ധിത നിക്ഷേപമായി കരുതുന്നതിന് 15 കോടി രൂപയുമാണ് വേണ്ടി വരുന്നത്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്ന് ലോൺ മുഖേനയും, സർക്കാരിൽ നിന്നും നൽകുന്ന ധനസഹായവും കൊണ്ടാണ് ഈ കമ്മി നികത്തി വരുന്നത്. ടി കമ്മി പൂർണ്ണമായും നികത്തുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടാണ് പെൻഷൻ മുടങ്ങുന്നതിനുള്ള കാരണം. |
| (സി) | ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ റോഡ് ട്രാൻസ്പോർട്ട് ജീവനക്കാരുടെ പെൻഷൻ സർക്കാർ നേരിട്ടാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ സർക്കാർ ഏറ്റെടുത്ത് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഇ) | പെൻഷൻ വിതരണത്തിന് പ്രത്യേക ഫണ്ട് വേണമെന്ന ട്രേഡ് യൂണിയനുകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (ഇ) | പെൻഷൻ നിശ്ചിത തീയതിയിൽ വിതരണം ചെയ്യുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതിനായി എൽ.ഐ.സി പോലുള്ള ധനകാര്യസ്ഥാപനങ്ങളുമായി ചർച്ച നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ